# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 ഏപ്രിൽ 27 തിങ്കൾ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് - 2

## കോവിഡ് 19: ജില്ലയിൽ നിരീക്ഷണത്തിലുള്ളത് 886 പേർ

ജില്ലയിൽ വീടുകളിൽ 867 പേരും ആശുപത്രികളിൽ 19 പേരും ഉൾപ്പെടെ ആകെ 886 പേരാണ് നിരീക്ഷണത്തിലുള്ളത്. തിങ്കളാഴ്ച (ഏപ്രിൽ 27) നിരീക്ഷണത്തിന്റെ ഭാഗമായി ഒരാളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

കോവിഡ് 19 സ്ഥിരീകരിച്ചവരുമായി നേരിട്ട് സമ്പർക്കം പുലർത്തിയവരുടെയും കോവിഡ് പ്രവർത്തനങ്ങളുമായി ബന്ധമില്ലാത്ത ആശുപത്രികളിലെ ഡോക്ടർമാർ, നഴ്സുമാർ, മറ്റു പാരാമെഡിക്കൽ സ്റ്റാഫുകൾ എന്നിവരുടേയും അറുപതു വയസ്സിനു മേലെയുള്ളവരുടെയും അന്തർ-സംസ്ഥാന യാത്രക്കാരുടേയും അടക്കം 151 സാമ്പിളുകൾ തിങ്കളാഴ്ച (ഏപ്രിൽ 27) പരിശോധനയ്ക്ക് അയച്ചു. ഇതു വരെ 1183 സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചു. അതിൽ 983 സാമ്പിളുകളുടെ ഫലം വന്നിട്ടുണ്ട്. 200 എണ്ണത്തിന്റെ ഫലം ലഭിക്കാനുണ്ട്. 241 ഫോൺകോളുകൾ ജില്ലാ കൺട്രോൾ സെല്ലിൽ ലഭിച്ചു. നിരീക്ഷണത്തിലുള്ളവർക്ക് മാനസിക പിന്തുണയേകുന്നതിനായി സൈക്കോ-സോഷ്യൽ കൗൺസിലർമാരുടെ സേവനം തുടരുന്നുണ്ട്. തിങ്കളാഴ്ച (ഏപ്രിൽ 27) 28 പേർക്ക് കൗൺസലിംഗ് നൽകി.

ദ്രുതകർമ്മസേനയുടെ നേതൃത്വത്തിൽ ഗൃഹസന്ദർശനം നടത്തി. നിരീക്ഷണത്തിലുള്ളവർക്ക് നിർദ്ദേശങ്ങളും ബോധവൽക്കരണവും നൽകി. തിങ്കളാഴ്ച (ഏപ്രിൽ 27) 236 വീടുകൾ ദ്രുതകർമ്മസേന സന്ദർശിച്ചു.

ചരക്ക് വാഹനങ്ങളിലെത്തുന്ന ഡ്രൈവർമാരെയും മറ്റുള്ളവരെയുമടക്കം ശക്തൻ പച്ചക്കറി മാർക്കറ്റിൽ 2068 പേരെയും മത്സ്യചന്തയിൽ 858 പേരെയും പഴവർഗ്ഗങ്ങൾ വിൽക്കുന്ന മാർക്കറ്റിൽ 87 പേരെയും സ്ക്രീൻ ചെയ്തു.

## മടങ്ങിയെത്തുന്ന പ്രവാസികളുടെ നിരീക്ഷണം: ഒരുക്കങ്ങൾ അതിവേഗത്തിൽ

ലോക് ഡൗണിന് ശേഷം മടങ്ങിയെത്തുന്ന പ്രവാസികളെ നിരീക്ഷണത്തിൽ പാർപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള തയ്യാറെടുപ്പ് അതിവേഗത്തിൽ. നാട്ടിലേക്ക് വരുന്നവരുടെ രജിസ്ട്രേഷൻ നോർക്കയുടെ നേതൃത്വത്തിൽ ആരംഭിച്ച പശ്ചാത്തലത്തിലാണ് നേരത്തെ ആരംഭിച്ച ഒരുക്കങ്ങൾ ജില്ലാ ഭരണകൂടം ഊർജ്ജിതമാക്കിയത്. ഇത് സംബന്ധിച്ച് പ്രത്യേക അവലോ

കനം യോഗം ഡെപ്യൂട്ടി കളക്ടറും നോഡൽ ഓഫീസറുമായ കെ മധുവിന്റെ അദ്ധ്യക്ഷതയിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്നു. റവന്യൂ, ആരോഗ്യം, തദ്ദേശസ്വയംഭരണം, പൊതുമരാമത്ത്, ആയുഷ് വകുപ്പുകളിലെ ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്തു.

വ്യോമഗതാഗതം തുറന്നാൽ വയോജനങ്ങൾ, കുട്ടികൾ, ഗർഭിണികൾ, രോഗികൾ, ജയിൽമോചിതർ, വിസാ കാലാവധി തീർന്നവർ എന്നിവരെയാണ് ആദ്യഘട്ടത്തിൽ നാട്ടിലെത്തിക്കുക.

തിരികെയെത്തുന്ന പ്രവാസികളുടെ എണ്ണവും വരുന്ന തിയ്യതിയും സംബന്ധിച്ച അന്തിമവിവരങ്ങൾ ലഭിക്കുന്നതിന് മുമ്പുതന്നെ പരമാവധി സജ്ജീകരണങ്ങൾ ഒരുക്കും. തിരിച്ചെത്തുന്ന പ്രവാസികളിൽ അസുഖ ലക്ഷണങ്ങളുള്ളവരെ എയർപോട്ടിൽനിന്നും നേരിട്ട് കോവിഡ് കെയർ സെന്ററുകളിൽ ക്വാറന്റൈനിൽ പ്രവേശിപ്പിക്കും. ഇതിനാവശ്യമായ ഇടം കണ്ടെത്തുന്നത് അടക്കമുള്ള കാര്യങ്ങൾ ആദ്യഘട്ടത്തിൽ പരിശോധിക്കും. വീടുകളിൽ ക്വാറന്റെൻ സൗകര്യമൊരുക്കാൻ കഴിയാത്ത പ്രവാസികൾക്കായി സർക്കാർ സ്ഥലം കണ്ടെത്തും. സ്വകാര്യ ഹോട്ടൽ മുറികൾ, റിസോർട്ടുകൾ, കോളേജ് ഹോസ്റ്റലുകൾ എന്നിവിടങ്ങൾ ഇതിനുവേണ്ടി പ്രയോജനപ്പെടുത്തും. കണ്ടെത്തിയ ഇടങ്ങളിൽ ശുചിമുറികൾ അടക്കമുള്ള സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്തിയാകും ഏറ്റെടുക്കൽ നടപടികൾ. പെയ്ഡ്, അൺപെയ്ഡ് വിഭാഗങ്ങളായി തരം തിരിച്ചാണ് പാർപ്പിടങ്ങൾ പ്രവാസികൾക്ക് അനുവദിക്കുക.

അർധസർക്കാർ, സന്നദ്ധസംഘടനകൾ, മതസംഘടനകൾ എന്നിവയുടെ സേവനങ്ങൾ ഇതിനായി ഉപയോഗപ്പെടുത്തും. ഏഴ് താലൂക്കുകളിലെ തഹസീൽദാർമാരുടെ നേതൃത്വത്തിലുള്ള സംഘത്തെയാണ് ഇതിനായി നിയോഗിച്ചിട്ടുള്ളത്.

***ഫോട്ടോ അടിക്കുറിപ്പ്: ജില്ലയിലെ പ്രവാസികളെ തിരിച്ച് കൊണ്ട് വരുന്നതുമായി ബന്ധപ്പെട്ട് ഡെപ്യൂട്ടി കളക്ടർ കെ മധുവിന്റെ അദ്ധ്യക്ഷതയിൽ കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന ഉദ്യോഗസ്ഥരുടെ യോഗം***

# അടിയന്തരമായി പ്രവൃത്തികൾ മെയ് 15ന് പൂർത്തിയാക്കണം: മന്ത്രി എ സി മൊയ്തീൻ

തദ്ദേശ സ്വയംഭരണ വകുപ്പ് അടിയന്തരമായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ മേയ് 15ന് തീർക്കണമെന്ന് മന്ത്രി എ സി മൊയ്തീൻ. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തരമായി ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ സംബന്ധിച്ച യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

വാർഡ് തലത്തിലെ സമിതി പ്രവർത്തനങ്ങൾ കൃത്യമായി വിലയിരുത്തണം, ജില്ലയിൽ താമസിക്കുന്ന ഉദ്യോഗസ്ഥർ കൃത്യമായി ഓഫീസിൽ ഹാജറാകണമെന്നും മന്ത്രി പറഞ്ഞു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർ മാനുഷികമായി പെരുമാറണം, എല്ലാ സീസണിലേക്കും ആവശ്യമായ കൃഷി ആരംഭിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ തുടങ്ങണമെന്നും മന്ത്രി എ.സി. മൊയ്തീൻ പറഞ്ഞു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അതത് പ്രദേശങ്ങളിലെ പ്രവാസികളുടെ കണക്ക് കൃത്യമായി ശേഖരിക്കുകയും അവർ നാട്ടിലെത്തിയാൽ ക്വാറന്റൈനിലാക്കുന്നതിന് വേണ്ട സൗകര്യങ്ങൾ ഒരുക്കണമെന്നും മന്ത്രി നിർദ്ദേശിച്ചു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ, സമൂഹ അടുക്കള, മഴക്കാല ശുചീകരണ പ്രവർത്തനങ്ങൾ, കൊയ്ത്ത്, പൊതുമരാമത്ത് നിർമ്മാണങ്ങൾ, തൊഴിലുറപ്പ്, കുടിവെള്ള പ്രശ്നം, മാലിന്യ സംസ്കരണം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്തു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾ യുദ്ധകാല അടിസ്ഥാനത്തിൽ തീർക്കണമെന്നും മന്ത്രി പറഞ്ഞു.

കാലവർഷത്തിന് മുൻപ് കാനകളും നദികളും ചാലുകളും തോടുകളും വൃത്തിയാക്കുന്ന പ്രവർത്തനങ്ങളും എത്രയും പെട്ടന്ന് ചെയ്യണം. ജില്ലാ പഞ്ചായത്ത് ഹാളിൽ ചേർന്ന യോഗത്തിൽ മന്ത്രി സി.രവീന്ദ്രനാഥ്, ചീഫ് വിപ്പ് കെ.രാജൻ, കളക്ടർ എസ് ഷാനവാസ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ്, ഗ്രാമപഞ്ചായത്ത്, കോർപ്പറേഷൻ, നഗരസഭാ സെക്രട്ടറിമാർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പി ടി പ്രസാദ് തുടങ്ങിയവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: കോവിഡ് 19 നെ തുടർന്ന് തദ്ദേശസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്താൻ ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ മന്ത്രിമാരായ എ സി മൊയതിൻ, സി.രവിന്ദ്രനാഥ് എന്നിവരുടെ സാന്നിധ്യത്തിൽ നടന്ന യോഗം***

## പിങ്ക് കാർഡുകൾക്കുള്ള ഭക്ഷ്യക്കിറ്റ്: ആദ്യദിനം കൈപ്പറ്റിയത് കാൽലക്ഷത്തിലേറെ പേർ

ജില്ലയിൽ പിങ്ക്( പി എച്ച് എച്ച്) റേഷൻ കാർഡുകൾക്കുള്ള അതിജീവന കിറ്റ് വിതരണം ആരംഭിച്ചു. 25,955 കാർഡുടമകൾ ആദ്യദിനം വിഹിതം കൈപ്പറ്റി. 52677 എ എ വൈ മഞ്ഞ കാർഡ് ഉടമകളിൽ 51806 കാർഡുടമകളും ഇതുവരെയായി സൗജന്യ ഭക്ഷ്യ കിറ്റ് കൈപ്പറ്റിയിട്ടുണ്ട്. പിഎംജികെഎവൈ പദ്ധതി പ്രകാരം 48042 എ എ വൈ കാർഡുടമകളും 2,55,616 കാർഡുടമകളും റേഷൻ വിഹിതം കൈപ്പറ്റി. വിവിധ താലൂക്കുകളിൽ താലൂക്ക് സപ്ളൈ ഓഫീസർമാരുടെ നേതൃത്വത്തിൽ പൊതുവിപണിയിൽ കർശനമായ പരിശോധനയും നടന്നു വരുന്നുണ്ടെന്ന് ജില്ലാ സപ്ലൈ ഓഫീസർ അയ്യപ്പദാസ് അറിയിച്ചു.

## സമൂഹ അടുക്കളയ്ക്ക് പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് വക അഞ്ച് ലക്ഷം രൂപ

സൗജന്യ ഭക്ഷണ വിതരണം ചെയ്യുന്ന ഗ്രാമപഞ്ചായത്തുകളുടെ സമൂഹ അടുക്കളയിലേയ്ക്ക് ധനസഹായം നൽകാൻ പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് യോഗം തീരുമാനിച്ചു. അടാട്ട്, കൈപ്പറമ്പ്, തോളൂർ, അവണൂർ കോലഴി, മുളങ്കുന്നത്തുകാവ് പഞ്ചായത്തുകളിലെ സമൂഹ അടുക്കളയിലേയ്ക്കാണ് അഞ്ച് ലക്ഷം രൂപയുടെ നൽകുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് യോഗം നിർദ്ദേശം നൽകി. യോഗത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി.വി. കുരിയാക്കോസ് അധ്യക്ഷത വഹിച്ചു. ബ്ലോക്ക് വൈസ് പ്രസിഡന്റ് ഷീബ ഗിരീഷ്, മുൻ പ്രസിഡന്റുമാരായ അഡ്വ.ലൈജു സി. എടക്കളത്തൂർ, അഡ്വ. ബിജു വർഗ്ഗീസ്, സീനിയർ അംഗം പി.കെ പുഷ്പാകരൻ, സ്ഥിരം സമിതി അധ്യക്ഷന്മാരായ എം.ടി. സന്തോഷ്, രഞ്ജു വാസുദേവൻ, അംഗങ്ങളായ സുമ ഹരി, അഡ്വ. സോളി ജോസഫ്, സുജാത മുരളീധരൻ, അഞ്ജലി സതീഷ്, വനജ റാഫി, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ സി.ജെ.ആന്റോ, വിജയ ബാബുരാജ്, രാധ രവീന്ദ്രൻ, ബിന്ദു ബെന്നി, ജോയ്ന്റ് ബി.ഡി.ഒ. കെ.ഇ. ഉണ്ണി എന്നിവർ സംസാരിച്ചു.

## വൃക്കരോഗികൾക്ക് മരുന്നു നൽകി

ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വൃക്കരോഗികൾക്കുള്ള മരുന്ന് വിതരണം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീൻ നിർവ്വഹിച്ചു. ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എ വി സുമതി അധ്യക്ഷത വഹിച്ചു. യോഗത്തിൽ വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ എം വി പ്രശാന്തൻ, ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ എ ഇക്ബാൽ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി രാഹുൽ ജി കൃഷ്ണൻ എന്നിവർ പങ്കെടുത്തു. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ സൂപ്രണ്ട് ഡോ. വാസുദേവൻ വിഷയം അവതരിപ്പിച്ചു.

***ഫോട്ടോ അടിക്കുറിപ്പ്: ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ വൃക്ക രോഗികൾക്കുള്ള മരുന്നുകളുടെ വിതരണോദ്ഘാടനം തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീൻ നിർവ്വഹിക്കുന്നു.***

## ഉണ്ണായി വാരിയർ സ്മാരക കലാനിലയം കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു

ഇരിങ്ങാലക്കുട ഉണ്ണായി വാരിയർ സ്മാരക കലാനിലയത്തിൽ പി എസ് സി അംഗീകൃത കഥകളി വേഷം, കഥകളി സംഗീതം, (6 വർഷ കോഴ്സ് )ചെണ്ട, മദ്ദളം(4 വർഷ കോഴ്സ്), ചുട്ടി (3 വർഷ കോഴ്സ്)എന്നീ വിഷയങ്ങൾക്ക് അപേക്ഷ ക്ഷണിച്ചു. ഡിപ്ലോമ, പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകൾക്കാണ് അപേക്ഷ ക്ഷണിച്ചത്. ഏഴാം ക്ലാസ് പാസാണ് ഡിപ്ലോമ കോഴ്സുകളിൽ പ്രവേശനത്തിന് നിശ്ചയിച്ചിരിക്കുന്ന കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത. പട്ടിക ജാതി, പട്ടിക വർഗ വിദ്യാർഥികൾക്ക് മുൻഗണന ഉണ്ടായിരിക്കും. പരിശീലനവും താമസവും സൗജന്യമാണ്. കഥകളി വേഷം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കും. കൂടാതെ പ്രാഥമിക

വിദ്യാഭ്യാസത്തിനുള്ള സൗകര്യവും നൽകും. താൽപര്യമുള്ളവർ രക്ഷിതാവിന്റെ സമ്മതപത്രവും ഫോൺ നമ്പറുമടങ്ങുന്ന അപേക്ഷ വെള്ളകടലാസ്സിൽ തയ്യാറാക്കി സ്വന്തം മേൽവിലാസം എഴുതി അഞ്ച് രൂപ സ്റ്റാമ്പൊട്ടിച്ച കവറടക്കം മെയ് 8 ന് മുൻപ് കലാനിലയം ഓഫീസിൽ ലഭിക്കത്തക്ക വിധം അയ്ക്കുക. വിലാസം: സെക്രട്ടറി, ഉണ്ണായി വാരിയർ സ്മാരക കലാനിലയം, ഇരിങ്ങാലക്കുട 680121. ഫോൺ: 0480 2822031.

## വിവാഹ വാർഷികാഘോഷ തുക ദുരിതാശ്വാസ നിധിയിൽ നൽകി ദമ്പതികൾ

വിവാഹ വാർഷികം ആഘോഷമാക്കുവാൻ നീക്കിവെച്ച പണം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന ചെയ്ത് മാതൃകയായി ദമ്പതികൾ. കൊടുങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് മുൻ പ്രസിഡന്റും മുൻ ഡെപ്യൂട്ടി തഹസിൽദാറുമായ എം കെ പുരുഷോത്തമനും ഭാര്യ എൻ വി കൊച്ചമ്മു ടീച്ചറുമാണ് തങ്ങളുടെ അമ്പതാം വിവാഹ വാർഷികാഘോഷത്തിനുള്ള തുക സംഭാവന നൽകിയത്. സംസ്ഥാന സർക്കാർ സർവ്വീസ് പെൻഷൻകാരായ രണ്ടു പേരും കൂടി 25000 രൂപയുടെ ചെക്കാണ് കൊടുങ്ങല്ലൂർ നഗരസഭ ചെയർമാൻ കെ ആർ ജൈത്രന് കൈമാറിയത്. കഴിഞ്ഞ പ്രളയത്തിനും 76 കാരനായ പുരുഷോത്തമനും കൊച്ചമ്മുവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് പെൻഷൻ വിഹിതം സംഭാവന ചെയ്തിരുന്നു.

## ബിരിയാണി വിറ്റ പണം ദുരിതാശ്വാസ നിധിക്ക് നൽകി ചേലക്കര കൂട്ടായ്മ

ദുരിതാശ്വസ പ്രവർത്തനങ്ങളിൽ സർക്കാരിനെ സഹായിക്കാൻ ബിരിയാണിയുണ്ടാക്കി വിതരണം ചെയ്യുകയാണ് ചേലക്കരയിലെ ഒരുകൂട്ടം യുവാക്കൾ. ബിരിയാണിയുണ്ടാക്കി 100 രൂപയ്ക്ക് വീടുകളിൽ എത്തിച്ചു നൽകിയാണ് 25000 രൂപ ഇവർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകിയത്. യു ആർ പ്രദീപ് എം എൽ എയ്ക്ക് നേരിട്ട് തുക കൈമാറുകയായിരുന്നു. 30000 രൂപയുടെ മരുന്നുകളും സാനിറ്റൈസറുകളും സൗജന്യമായി മുൻപ് നൽകിയിരുന്നു.

## കുടിവെള്ള ക്ഷാമം പരിഹരിക്കും

വടക്കാഞ്ചേരി, എരുമപ്പെട്ടി ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ കളക്ടർ എസ് ഷാനവാസിന്റെ നേതൃത്വത്തിൽ നടന്ന ചർച്ചയിൽ ധാരണയായി. എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള ശുദ്ധജല സ്രോതസിൽ കോളിഫോം ബാക്ടീരിയയുടെ സാന്നിധ്യം കണ്ടെത്തിയതിനാലാണ് പകരം സംവിധാനം തേടേണ്ടി വന്നത്. ഇവിടെ ക്ളോറിനേഷൻ നടത്തി ശുദ്ധീകരിച്ചതിന് ശേഷം പമ്പ് ചെയ്ത് ജലവിതരണം നടത്താനാണ് ധാരണയായത്. കേരള വാട്ടർ അതോറിറ്റിയുടെ തെക്കുംകര വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നും ഒന്നിടവിട്ട ദിവസങ്ങളിൽ വടക്കാഞ്ചേരി മുനിസിപ്പാലിറ്റിക്കും എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിനും കുടിവെള്ളം എത്തിക്കാൻ യോഗത്തിൽ തീരുമാനമായി. വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരും എരുമപ്പെട്ടി, തെക്കുംകര, വടക്കാഞ്ചേരി മേഖലകളിലെ ജനപ്രതിനിധികളും യോഗത്തിൽ പങ്കെടുത്തു.

### ബുധനാഴ്ച്ച മുതൽ ശക്തൻ മത്സ്യ മാർക്കറ്റ്
### ഹോൾസെയിൽ രാവിലെ 3 മുതൽ 6 വരെ
## കർശന നിയന്ത്രണങ്ങൾ പാലിക്കാത്തെ വിപണനം നടത്തിയാൽ നടപടിയെടുക്കും: ജില്ലാ കളക്ടർ

ശക്തൻ മത്സ്യ മാർക്കറ്റിന്റെ പ്രവർത്തനം സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചാകണമെന്ന് ജില്ല കളക്ടർ എസ്.ഷാനവാസ്. വേണ്ട രീതിയിലുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ മത്സ്യ മാർക്കറ്റിൽ വിപണം ശ്രദ്ധയിൽപ്പെട്ട കളക്ടർ അടിയന്തര യോഗം വിളിക്കുകയായിരുന്നു. സ്വയം നിയന്ത്രണങ്ങൾ പാലിച്ച് കച്ചവടം തുടങ്ങാം അല്ലെങ്കിൽ കച്ചവടം തുടരാനാകില്ലെന്നും കളക്ടർ പറഞ്ഞു. ജീവനക്കാർക്ക് മാസ്ക്കുകളും മറ്റ് സുരക്ഷ മനദണ്ഡങ്ങളും നിർബന്ധമാക്കണമെന്നും കളക്ടർ നിർദ്ദേശിച്ചു. യോഗത്തിലെ തിരുമാനത്തിൽ മത്സ്യ മർക്കറ്റിൽ ഹോൾസെയിൽ വിൽപ്പന ബുധനാഴ്ച്ച മുതൽ രാവിലെ മൂന്ന് മുതൽ ആറ് വരെയായിരിക്കും. റീ സെയിൽ അതിന് ശേഷമെ നടത്തുവെന്ന് വ്യാപാരികൾ പറഞ്ഞു.

വാങ്ങാൻ വരുന്നവർ നിശ്ചിത അകലം പാലിക്കാൻ വ്യാപാരികൾ ശ്രദ്ധിക്കണമെന്നും കളക്ടർ നിർദേശിച്ചു. തൊഴിലാളികൾക്ക് മാസ്ക്ക് നിർബന്ധമാക്കുമെന്ന് സംഘടന ഭാരവാഹികൾ ഉറപ്പ് നൽകി. പച്ചക്കറി മാർക്കറ്റും കർശന നിയന്ത്രങ്ങൾ പാലിക്കണമെന്നും അല്ലെങ്കിൽ നടപടിയെടുക്കുമെന്നും കളക്ടർ അറിയിച്ചു. മേയർ അജിത വിജയൻ, കോർപ്പറേഷർ ഉദ്യോഗസ്ഥർ, വിവിധ വ്യാപാരി, തൊഴിൽ സംഘടനാ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

## അളവ് തൂക്കത്തിൽ കൃത്രിമം:
## റേഷൻ കടയുടമയുടെ പേരിൽ കേസെടുത്തു

അളവ് തൂക്കത്തിൽ കൃത്രിമം കാണിച്ചതിന് ജില്ലാ ലീഗൽ മെട്രോളജി വിഭാഗം കേസെടുത്തു. തൂക്കത്തിൽ കൃത്രിമം കാണിച്ചതിന് കുന്നംകുളത്തെ റേഷൻ കടയുടമയുടെ പേരിൽ കേസെടുക്കുകയും 5000 രൂപ പിഴ ഈടാക്കുകയും ചെയ്തു. കുപ്പിവെള്ളം, മാസ്ക്ക്, സാനിറ്റയ്സർ എന്നിവയ്ക്ക് അധികവില ഈടാക്കുന്നതും റേഷൻ കടകളിൽ അളവ് തൂക്കത്തിലുള്ള ക്രമക്കേടുകൾ എന്നിവ സംബന്ധിച്ച് നടത്തിയ പരിശോധനയിലാണ് കൃത്രിമം കണ്ടെത്തിയത്. ഇന്നലെ (ഏപ്രിൽ 27) കുന്നംകുളം താലൂക്കിൽ 20 സ്ഥാപനങ്ങളിൽ പരിശോധന നടത്തി. ജില്ലാ ലീഗൽ മെട്രോളജി വിഭാഗം ഇൻസ്പെക്ടർ ബി. സി അലൻസിന്റെ നേതൃത്വത്തിലാണ് പരിശോധന നടത്തിയത്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി:
## തൃശൂർ ഇത് വരെ നൽകിയത് 69 ലക്ഷത്തിലേറെ രൂപ

കോവിഡ് 19 പ്രതിരോധ നടപടികൾക്കായി ജില്ലയിൽ നിന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് തിങ്കളാഴ്ച (ഏപ്രിൽ 27) വരെ ലഭിച്ചത് 69,09,317 രൂപ. ചെക്ക്, ഡിഡി ഇനത്തിൽ 67,94,164 രൂപയും പണമായി 1,15,153 രൂപയുമാണ് ലഭിച്ചത്. തിങ്കളാഴ്ച (ഏപ്രിൽ 27) മാത്രം 3,14,700 രൂപ ലഭിച്ചു. ഇതിൽ 3,05,000 രൂപ ചെക്ക്, ഡിഡി എന്നിവ വഴിയും 9700 രൂപ പണമായും ലഭിച്ചു. ഏപ്രിൽ 5 മുതലാണ് കോവിഡ് പ്രതിരോധ നിധിയെന്ന പേരിൽ കളക്ടറേറ്റിൽ പണം സ്വീകരിച്ചു തുടങ്ങിയത്. ദുരിതാശ്വാസ നിധിയിലേക്ക് നിരവധി പേരാണ് സംഭാവന നൽകുന്നത്. മിക്കവരും കളക്ടറേറ്റിലെത്തി ജില്ലാ കളക്ടർക്ക് നേരിട്ട് തുക കൈമാറുകയാണ് പതിവ്. ദുരിതാശ്വാസനിധി യിലേക്കുള്ള സംഭാവനകൾ സ്വീകരിക്കുന്നതിനും തുടർനടപടികൾക്കുമായി കളക്ടറേറ്റിൽ മൂന്ന് പേരടങ്ങിയ പ്രത്യേക ഡസ്ക് പ്രവർത്തിക്കുന്നുണ്ട്. പണം നേരിട്ട് ഈ ഡസ്കിൽ നൽകി രശീതി വാങ്ങാവുന്നതാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കഴിയാവുന്ന തുകകൾ നൽകി കോവിഡ് പ്രതിരോധപ്രവർത്തനങ്ങളിൽ കണ്ണിചേരുകയാണ് തൃശൂർ ജില്ലയിലെ നാട്ടുകാർ.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് തിങ്കളാഴ്ച (ഏപ്രിൽ 27) ന് സംഭാവന നൽകി യവരുടെ പേരു വിവരങ്ങൾ: (ചെക്ക്/ ഡിഡി നൽകിയവർ). അഡ്വ. കെ എൻ അനിൽകുമാർ, യുക്തിവാദിസംഘം- 1,25,000, സുബൈർ എം എം, മുത്തുക്കോട്ടിൻ, കുമാരനെല്ലൂർ-50,000,

പ്രവീൺ, ഐശ്വര്യ പനങ്ങാട്ടുകര- 50,000, പി എസ് സുമേഷ് പൊറ്റപുറത്ത്, കണിമംഗലം-25,000, സി ബി ഗോപി, ചൊവ്വന്നൂർ, കുന്നംകുളം-5,000, സോമശേഖരൻ വടക്കാഞ്ചേരി-50,000. പണം നൽകിയവർ. ശാന്തി പി കെ, കുണ്ടുകാട്-5,000, കെ വി ഗോപാലകൃഷ്ണൻ വലപ്പാട്-200, ടി എ ഫ്രാൻസീസ് തൈക്കാടൻ, വില്ലടം-2500, കെ നാരായണൻ, നാരായണാലയം വടക്കുകര-1000, എം ഈശ്വരൻകുട്ടി, ഹരിനഗർ, പൂങ്കുന്നം-1,000.

# ചാവക്കാട് ഷെൽട്ടർ ഹോമിൽ കഴിയുന്നവർക്ക് വൈദ്യ പരിശോധന നടത്തി

ചാവക്കാട് മണത്തല ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ ക്യാമ്പിൽ കഴിയുന്നവർക്ക് വൈദ്യ പരിശോധന നടത്തി. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ തൃശൂർ ദേശ് സുരക്ഷാ പ്രൊജക്റ്റ്, ചാവക്കാട് നഗരസഭാ ആരോഗ്യവിഭാഗം, ചാവക്കാട് താലൂക്ക് ആശുപത്രി എന്നിവയുടെ സഹകരണത്തോടെയാണ് പരിശോധന ക്യാമ്പ് സംഘടിപ്പിച്ചത്. എയ്ഡ്സ്, റ്റിബി, ജീവിതശൈലി രോഗങ്ങൾ എന്നിവയുടെ പരിശോധനകളാണ് നടന്നത്.

താലൂക്ക് ആശുപത്രി സൂപ്രണ്ട് ഡോ. ശ്രീജ, ഡോ. രാകേഷ്, ജെ എച്ച് ഐ അജയ് കുമാർ, റ്റി ബി എച്ച് വി സ്റ്റാഫ് കൈലാസ്, എൻ എം എസ് സ്റ്റാഫ് ഗീത, ജ്യോതിസ്, കൗൺസിലർ ഫാൻസി, ടെക്നിഷൻ ജൂഡിൻ തോമസ്, ഡയടീഷൻ ഹാലി തോമസ്, സ്റ്റാഫ് നഴ്സ് ഷിമ ദിവാകരൻ, ജെ പി എച് എൻമാരായ ബാനിഷ, മനീഷ എന്നിവർ പരിശോധനയ്ക്ക് നേതൃത്വം നൽകി. നഗരസഭാ വൈസ് ചെയർപേഴ്സൺ മഞ്ജുഷ സുരേഷ്, ആശാ വർക്കർ വി. വി ഷൈലജ, തൃശ്ശൂർ ജില്ലാ ട്രാൻസ്ജെൻഡർ ജസ്റ്റീസ് ബോർഡ് അംഗം ദേവൂട്ടി ഷാജി, ദേശ് സുരക്ഷാ ഔട്ട് റീച്ച് പ്രവർത്തകർ റ്റി. പി സുനിൽ, ഇ. പി സതീഷ് എന്നിവർ ക്യാമ്പിൽ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: ചാവക്കാട് ഷെൽട്ടർ ഹോമിൽ കഴിയുന്നവർക്ക് നടത്തിയ വൈദ്യ പരിശോധന***

# ദിവസവേതന തുക ദുരിതാശ്വാസ നിധിയിലേക്ക് നൽകി താൽക്കാലിക ജീവനക്കാരൻ

ലോക്ക് ഡൗൺ പ്രഖ്യാപിച്ചതിനു ശേഷമുള്ള ഒരു മാസത്തെ ദിവസവേതന തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകി കോർപ്പറേഷനിലെ താൽക്കാലിക ജീവനക്കാരൻ. കോർപ്പറേഷൻ കൂർക്കഞ്ചേരി സോണൽ ഓഫീസിലെ ആരോഗ്യവിഭാഗത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന കൂർക്കഞ്ചേരി പനമുക്ക് ഹെർബർട്ട് നഗറിൽ ഹമേഷ്ദാസ് ആണ് തന്റെ ഒരു മാസത്തെ വേതനമായ 15000 രൂപ പൂർണ്ണമായും ദുരിതാശ്വാസനിധിയിലേക്ക് നൽകിയത്. ജില്ലാ പഞ്ചായത്ത് ഹാളിൽ സംഭാവന തുക തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീന് കൈമാറി. കഴിഞ്ഞ 15 വർഷമായി കോർപ്പറേഷനിലെ താൽക്കാലിക ജീവനക്കാരനാണ് ഹമേഷ്ദാസ്. ലോക്ക് ഡൗണിൽ കുടുങ്ങിയവർക്ക് ഭക്ഷണം എത്തിച്ചു നൽകി ഹമേഷ്ദാസ് മുഴുവൻ സമയവും സാമൂഹിക രംഗത്തുണ്ട്. ഗവ. ചീഫ് വിപ് അഡ്വ. കെ രാജൻ, ജില്ലാ കളക്ടർ എസ് ഷാനവാസ് എന്നിവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: ഹമേഷ്ദാസ് തന്റെ മാസശമ്പളം മന്ത്രി എ സി മൊയ്തീന് കൈമാറുന്നു***